(ഡി&ഇ) വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയശേഷം മാത്രമേ അനന്തര നടപടിയെടുക്കാൻ കഴിയൂ.

കണക്കൻകടവ് ബ്രിഡ്ജ്-കം-റഗുലേറ്റർ

27(230) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണക്കൻകടവ് ബ്രിഡ്ജ് -കം-റഗുലേറ്ററിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ ; എങ്കിൽ അത് ഗതാഗതത്തിന് തുറന്നുകൊടുക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) നിർമ്മാണം ആരംഭിച്ചശേഷം എത്ര തവണ ഇതിന്റെ എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിച്ചു ; അത് ഏതൊക്കെയാണ് ; ഓരോ പ്രാവശ്യവും പുതുക്കിയ തുക എത്രയായിരുന്നു ;

(സി) ഇതുവരെ ഇതിനായി എത്ര തുക ചെലവഴിച്ചു ; കരാറുകാരന് തുക മുഴുവൻ നൽകിയോ ;

(ഡി) ഇവിടെ ഇപ്പോൾ ഉപ്പുവെള്ളം കയറികൊണ്ടിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; നിർമ്മാണത്തിലെ അപാകത കൊണ്ടാണോ ഇങ്ങനെ സംഭവിക്കുന്നത് ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നിർമ്മാണം പൂർത്തിയായി. ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുണ്ട്.

(ബി) 17-07-1996-ലും 18-03-1997-ലും 30-12-1999-ലുമായി മൂന്ന് പ്രാവശ്യം എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിച്ചു. ആയത് യഥാക്രമം

6,22,50,000 രൂപ

6,22,44,366 രൂപ

6,20,76,168 രൂപ എന്നിങ്ങനെയായിരുന്നു.

(സി) 1145.77 ലക്ഷം രൂപ ചെലവായി. ബ്രിഡ്ജ്-കം-റഗുലേറ്റർ പണി, മെക്കാനിക്കൽ പണി, അപ്രോച്ച് റോഡ് എന്നിവ ഏറ്റെടുത്തിരുന്ന കരാറുകാർക്ക് മുഴുവൻ തുകയും കൊടുത്തുതീർത്തിട്ടുണ്ട്. വൈദ്യുതീകരണജോലികൾ, ജനറേറ്റർ സപ്ലൈ എന്നിവ ചെയ്തുതീർത്ത കരാറുകാർക്ക് ഫൈനൽ ബിൽ കൊടുത്ത് തീർക്കുവാനുണ്ട്.

(ഡി) റഗുലേറ്റർ കട്ടറുകൾ ഘടിപ്പിക്കുന്ന സമയത്ത് ക്രെയിനിന്റെ റോപ്പ് പൊട്ടി ഷട്ടർ താഴേക്ക് വീണ് അഞ്ചാം ഷട്ടറിന്റെ 'ബിൽ പോർഷനിൽ' കേടുപാടുകൾ സംഭവിച്ചതുമൂലവും ലോക്ക് ചേമ്പറിലെ ഷട്ടർ രാത്രികാലങ്ങളിൽ വഞ്ചി കയറ്റുന്നതിനായി അനുവാദമില്ലാതെ തുറന്നതുമൂലവും കഴിഞ്ഞ വർഷം ഉപ്പുവെള്ളം കയറുകയുണ്ടായി. ഇതിനുള്ള പരിഹാരനടപടികൾ ഉടൻ കൈക്കൊണ്ടിട്ടുണ്ട്. ഈ വർഷം ഉപ്പുവെള്ളം കയറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly